# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3460

## 15.03.2018 ലെ മറുപടിക്ക്

## മിനിമം ഇറക്കുമതി വില

| ക്രമ നം. | ചോദ്യം<br><br>ശ്രീ. പി.കെ. ശശി | മറുപടി<br>ബഹു.ഡോ.ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കുരുമുളക് ഉല്പാദനത്തിൽ ഗണ്യമായ സ്ഥാനം വഹിക്കുന്ന കേരള സംസ്ഥാനത്തെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച മിനിമം ഇറക്കുമതി വില എപ്രകാരം ബാധിച്ചു എന്ന് ധനവകുപ്പ് പരിശോധിച്ചുവോ ; വിശദാംശം ലഭ്യമാക്കുമോ ; | 2017 ഡിസംബർ ആദ്യ വാരത്തിലാണ് കേന്ദ്ര സർക്കാർ കുരുമുളകിന് കുറഞ്ഞ ഇറക്കുമതി വിലയായ 500 രൂപ കിലോയ്ക്ക് പ്രഖ്യാപിച്ചത്. ഈ സമയത്ത് കുരുമുളകിന്റെ വിപണി വില കിലോയ്ക്ക് 401/- രൂപ ആയിരുന്നു. കുറഞ്ഞ ഇറക്കുമതി പ്രഖ്യാപിച്ച ആദ്യത്തെ ആഴ്ചകളിൽ കർഷകർക്ക് കൂടുതൽ വില ലഭിച്ചു. 2017 ഡിസംബർ അവസാന വാരം കുരുമുളകിന്റെ വില കിലോയ്ക്ക് 472/-രൂപയായിരുന്നു. തുടർന്നുള്ള മാസങ്ങളിൽ വില കുറയുകയും, മാർച്ച് ആദ്യ വാരം കുരുമുളകിന്റെ വില കിലോയ്ക്ക് 401/- രൂപ ആകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രശ്നം സംസ്ഥാനത്തെ കുരുമുളക് തുടങ്ങി ഇതര ഉൽപന്നങ്ങളായ ഇഞ്ചി, മഞ്ഞൾ ഉൾപ്പെട്ട സുഗന്ധദ്രവ്യങ്ങളുടെ കയറ്റുമതിയെ എത്തരത്തിൽ ബാധിച്ചു എന്നും ഇതുമൂലം സംസ്ഥാനത്തിനുണ്ടാകാവുന്ന സാമ്പത്തിക പ്രശ്നങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ; | 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ വന്ന വ്യത്യാസങ്ങൾ സ്പൈസസ് ബോർഡ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ കയറ്റുമതിയെ എത്തരത്തിൽ ബാധിച്ചു എന്ന് പഠനം നടത്തിയിട്ടില്ല. |

| | | |
|---|---|---|
| (സി) | എങ്കിൽ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളിൽ മാറ്റം വരുത്താനും സംസ്ഥാനത്തെ കർഷകരെ സഹായിക്കാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ ? | കാർഷിക വാണിജ്യമേഖലയിലെ കേരളത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ബഹു. കൃഷി മന്ത്രി 22.02.2018 – ന് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകുകയും, കേരളത്തിന് അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.<br>കുരുമുളക്, ഗ്രാമ്പൂ, ജാതി, ഇഞ്ചി, മഞ്ഞൾ എന്നീ സുഗന്ധവിളകളുടെ കൃഷി വ്യാപനത്തിനായി സുഗന്ധവിള വികസന പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി നടപ്പിലാക്കി വരുന്നു. കുരുമുളക്, ജാതി, ഗ്രാമ്പൂ, എന്നിവയ്ക്ക് ഹെക്ടറിന് 2000/- രൂപ സഹായം നൽകിവരുന്നു. കൂടാതെ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 7500/- വീതവും നഴ്സറി സ്ഥാപിക്കുന്നതിന് 30000/- രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ കുരുമുളക് കൃഷിയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി സംയോജിത കുരുമുളക് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**